പറയുന്നത് ശരിയല്ല. ജില്ലാ സഹകരണ ബാങ്കും, സംസ്ഥാന സർവ്വീസ് സഹകരണ ബാങ്കും ബാങ്കിംഗ് റെഗുലേഷൻ ആക്ട്റിന്റെ പരിധിയിൽ വരുന്നതും റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നതുമാണ്. റിസർവ് ബാങ്ക് അതിന്റെ റെഗുലേഷൻ ആക്ട്റിന്റെ പരിധിയിൽ വരുന്ന എല്ലാ ബാങ്കുകൾക്കും priority sector-ന് ഈട് വാങ്ങാൻ പാടില്ല എന്ന നിർദ്ദേശം പൊതുവായി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ബാങ്കിംഗ് അഡ്വൈസറി സംസ്ഥാനതല കമ്മിറ്റിയിൽ റിസർവ് ബാങ്കിന്റെ പ്രതിനിധി അക്കാര്യം പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ എല്ലാ ബാങ്കുകൾക്കും ഇപ്രകാരം നിർദ്ദേശം കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ? ചില ബാങ്കുകളിൽ റിസർവ് ബാങ്കിന്റെ മാനദണ്ഡം അംഗീകരിക്കുന്നതു കൊണ്ടാണ് ഈ ചോദ്യത്തിന്റെ 'ബി', 'സി' പിരിവുകളിലെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം വായ്പ നൽകാൻ തയ്യാറായത്. അതുകൊണ്ട് ബന്ധപ്പെട്ട ബാങ്കിന്റെ ഉദ്യോഗസ്ഥരെ ഡിപ്പാർട്ടുമെന്റിൽ വിളിച്ച് ഈട് നിർബന്ധമാക്കാതെ തന്നെ വായ്പ നൽകാനുള്ള പൊതുനയം സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് ആരായുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: അത് ഇപ്പോൾ പറയാൻ സാധിക്കില്ല. അതിനെപ്പറ്റി ആലോചിക്കണം. ഈടില്ലാതെ ഇപ്പോൾ വായ്പ കൊടുക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞു; ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടില്ലായെന്നാണ് മറുപടി പറഞ്ഞത്. അതുകൊണ്ട് ഈടില്ലാതെ വായ്പയില്ലെന്നല്ല. എസ്.ബി.ടി. ഈടില്ലാതെ 4 ലക്ഷം രൂപ വരെ വായ്പ കൊടുക്കുന്നുണ്ട്. അതിന് മേലുള്ളതിന് ഈട് നൽകണം. 4 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് ജാമ്യം നൽകിയാൽ മതി. അതുകൊണ്ട് ഒരു ഈടുമില്ലാതെ വൻകിട ലോണുകൾ കൊടുക്കണമെന്ന് പറയുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

സ്വാശ്രയ വിദ്യാഭ്യാസ നയം പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി

*3 [358] ശ്രീ. പി. നാരായണൻ:
" ബിനോയ് വിശ്വം:
" പി. എസ്. സുപാൽ:
" എം. കുമാരൻ:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റിനേയും നിയമങ്ങളേയും ധിക്കരിച്ചുകൊണ്ട് വിദ്യാർത്ഥി പ്രവേശനം നടത്തുന്നതും ഫീസ് ഘടന നിശ്ചയിക്കുന്നതുമായ സ്വാശ്രയ വിദ്യാഭ്യാസ മാനേജുമെന്റുകളുടെ സമീപനം കണക്കിലെടുത്ത് സ്വാശ്രയ വിദ്യാഭ്യാസ നയം പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ സ്വാശ്രയ കോളേജുകൾക്ക് എൻ. ഒ. സി. നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രയെണ്ണം ; അവ ഏതെല്ലാം ; ഈ കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ,

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജ് അഡ്മിഷനും ഫീസും സംബന്ധിച്ച് കേരള നിയമസഭ പാസ്സാക്കിയ കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡ്യൂവർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) ആക്ട് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസം സംബന്ധിച്ച് ഒരു പൊതു നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നുമുണ്ട്. ആയതിനാൽ സംസ്ഥാനതലത്തിൽ പ്രത്യേകം നയരൂപീകരണം ഇപ്പോൾ ആവശ്യമുള്ളതായി തോന്നുന്നില്ല.

(ബി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി & ഡി) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ സ്വാശ്രയ മേഖലയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. മെഡിക്കൽ അനുബന്ധ സ്വാശ്രയ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുത്തുവരുന്നു.

ശ്രീ. പി. നാരായണൻ: സർ, സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്ക് സ്റ്റൈപ്പന്റ് തുടങ്ങി മറ്റെല്ലാ ഹോസ്റ്റൽ സൗകര്യങ്ങളും കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇതൊന്നും ഇവരുടെ കൈകളിൽ കിട്ടുന്നില്ലായെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെ പെട്ടിട്ടുണ്ടെങ്കിൽ ഗവൺമെന്റ് എന്ന് ഇവർക്ക് ഈ ആനുകൂല്യങ്ങൾ കൊടുക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, കഴിഞ്ഞ ദിവസം എസ്.സി./എസ്.ടി. വകുപ്പുമന്ത്രി ഈ ചോദ്യത്തിന് മറുപടി പറഞ്ഞിരുന്നു. ഗവൺമെന്റ് ഉത്തരവ് വളരെ വ്യക്തമാണ്. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ കൊടുക്കുന്ന ഫീസ്

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ട്മെന്റ് തിരിച്ചുകൊടുക്കേണ്ടതാണ്. അവർക്ക് കിട്ടുന്നതിൽ കാലതാമസം വന്നുവെന്ന് ശ്രീ. നാരായണൻ പറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുമായി ആലോചിച്ച് അത് സമയത്ത് എത്തിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. പി. നാരായണൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് ഫീസ് കൊടുക്കേണ്ടതായി വരുന്നു. അതൊഴിവാക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചോ എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് ഫീസ് re-imburse ചെയ്ത് കൊടുക്കും. അതിന് സംശയമില്ല. അക്കാര്യം ഗവൺമെന്റ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൊടുക്കുന്നതിൽ കാലതാമസം ഉണ്ടെങ്കിൽ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം: വളരെയേറെ പ്രകീർത്തിക്കപ്പെടുന്ന ഒരു സ്വാശ്രയ കോളേജിൽ 25313-ാം നമ്പർ റാങ്കുകാരൻ അകത്തിരുന്ന് പഠിക്കുകയും ഒന്നാം തരമായി മാർക്ക് ലഭിച്ച ഒരു വിദ്യാർത്ഥി, അതേ സ്ഥാപനത്തിൽ ടെസ്റ്റ് എഴുതി റാങ്ക് ലിസ്റ്റിലുള്ള ഒരു വിദ്യാർത്ഥി പുറത്തുനിൽക്കുകയും ചെയ്യുന്നുണ്ട്. അത്തരം കുട്ടികൾക്ക് പഠിക്കാൻ സഹായം കൊടുക്കാമെന്ന് പറയുന്ന ഗവൺമെന്റ് സഹകരണ ബാങ്കുകളടക്കമുള്ള ബാങ്കുകളെ ആ വഴിക്ക് പ്രേരിപ്പിക്കാമെന്ന് പറയുന്നുണ്ട്. സഹകരണ വകുപ്പുമന്ത്രി പറഞ്ഞു രണ്ട് സഹകരണ ബാങ്ക് മാത്രമാണ് വായ്പ കൊടുക്കുന്നതെന്ന്. ശരിക്കുപറഞ്ഞാൽ ഗവൺമെന്റ് അറിഞ്ഞുകൊണ്ട്, സ്വാശ്രയ വിദ്യാഭ്യാസ കച്ചവടക്കാരുമായി കൈകോർത്തു പിടിച്ചുകൊണ്ട് വിദ്യാഭ്യാസമേഖലയെ ഒരു കാളച്ചന്തയാക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് നീതിയുക്തമായ കാര്യങ്ങളുടെ ഒരു മാർഗ്ഗരേഖ സ്വീകരിച്ചുകൊണ്ട് സ്വാശ്രയരംഗത്തെ ഈ പകൽക്കൊള്ളകൾക്ക് അന്ത്യം വരുത്താൻവേണ്ടിയുള്ള രാഷ്ട്രീയാർജ്ജവം ഗവൺമെന്റ് വൈകിയ വേളയിൽ കാണിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇത്രയും രാഷ്ട്രീയാർജ്ജവം പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിൽ കാണിച്ച ഒരു ഗവൺമെന്റ് കേരളത്തിൽ മുമ്പുണ്ടായിട്ടില്ല. ഉദാഹരണം പറയാം ശ്രീ. ബിനോയ് വിശ്വം പറഞ്ഞ പോയിന്റുണ്ട്. കേരളത്തിൽ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള 12 സെൽഫ് ഫിനാൻസിംഗ് കോളേജുകൾ. അഞ്ച് ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾ, അഞ്ച് എൽ.ബി.എസ്. സ്ഥാപനങ്ങൾ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എന്നിവയിൽ പ്രവേശനം കിട്ടിയ ഒരു ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളിൽനിന്ന് സർക്കാർ ഫീസ്സ് ഈടാക്കുന്നുള്ളു. 65 ശതമാനം കുട്ടികൾ ഈ സൗജന്യം അനുഭവിക്കുന്നുമുണ്ട്. അതേസമയം അങ്ങ് പറഞ്ഞതുപോലെ private, professional, self-financing colleges-ന്റെ കാര്യത്തിൽ ഗവൺമെന്റിന് എന്തു ചെയ്യാൻ പറ്റും? ഗവൺമെന്റ് Constitutional body ആണ്. കോടതിയുടെ തീരുമാനപ്രകാരമല്ലാതെ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാനൊക്കുമോ? സുപ്രീം കോടതി വിധിപ്രകാരം ഇക്കൊല്ലം കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച ഫീസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം College-കളിൽ admission നൽകുകയുള്ളു. കെ. ടി. തോമസ് കമ്മീഷന്റെ ശുപാർശപ്രകാരം എൻജിനീയറിംഗ് കോളേജിൽ മുപ്പത്തിഎണ്ണായിരത്തി എഴുനൂറ് രൂപയും മെഡിക്കൽ സീറ്റൊന്നിന് ഒരുലക്ഷത്തിപതിമൂന്നായിരം രൂപയും ഫീസ് നൽകണം. അതിൽ നമുക്ക് എന്ത് ചെയ്യാൻ പറ്റും? കോടതി മുമ്പാകെ അപ്പീൽ നിലവിലുണ്ട്. ആ അപ്പീലിൽ ഗവൺമെന്റ് ശക്തിയായി നിൽക്കും. ഗവൺമെന്റ് ഈ സഭയിൽ ചർച്ച ചെയ്ത് പാസ്സാക്കിയ നിയമം അനുസരിച്ച് സ്വാശ്രയ College-കളിൽ പകുതി seat-ൽ ഗവൺമെന്റ് ഫീസും പകുതി സീറ്റിൽ മാനേജുമെന്റ് പറയുന്ന ഫീസും കൊടുക്കണം. അതിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ഗവൺമെന്റ് ഇല്ല. അതിൽത്തന്നെ ഉറച്ചുനിൽക്കുകയാണ്. സുപ്രീം കോടതി മുമ്പാകെ നിലനിൽക്കുന്ന കേസും, കേരള നിയമസഭ പാസ്സാക്കിയ നിയമവും ചർച്ചാവിഷയമാണ്. ആ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. നേരത്തെ പാസ്സാക്കിയ നിയമം നടപ്പിലാക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. ബിനോയ് വിശ്വം: ഗവൺമെന്റ് ഇപ്പോഴും പറഞ്ഞത് രണ്ട് സ്വാശ്രയ കോളേജ് = ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. സ്വാശ്രയ വിദ്യാഭ്യാസക്കച്ചവടത്തെ സഹായിക്കുന്ന ഒരു സമവാക്യമായി അത് മാറുകയുണ്ടായി. ആ സമവാക്യം പറഞ്ഞത് മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയാണ്. പിന്നീട് പറഞ്ഞു പുഷ്പഗിരി കോളേജ് മാനേജുമെന്റ് എന്നെ വഞ്ചിച്ചിരിക്കുന്നുവെന്ന്. എന്നെ വഞ്ചിച്ചു എന്ന് സ്വയം അവകാശപ്പെട്ട മുഖ്യമന്ത്രി പിന്നീട് അത് പറഞ്ഞ് കരയുകയുണ്ടായി. ഏക പരിഹാരം ഗവൺമെന്റ് പാസ്സാക്കിയ നിയമത്തെ 9-ാം ഷെഡ്യൂളിൽപ്പെടുത്തിക്കൊണ്ട് നിയമപരമായ പരിരക്ഷ നൽകുകയെന്നുള്ളതാണ്. ആ പരിരക്ഷയ്ക്കുവേണ്ടിയുള്ള ആത്മാർത്ഥത ഗവൺമെന്റ് കാണിക്കുന്നില്ല. സഭ പാസ്സാക്കിയ നിയമം 9-ാം പട്ടികയിൽപ്പെടുത്തി അതിനുള്ള പരിരക്ഷയ്ക്കുവേണ്ട നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സമയബന്ധിതമായി നീങ്ങുമോ? എത്ര മാസം കൊണ്ട് 9-ാം പട്ടികയിൽപ്പെടുത്താനുള്ള നീക്കം ഉണ്ടാകും? അങ്ങനെ 9-ാം ഷെഡ്യൂളിൽപ്പെടുത്തിയാൽ നേട്ടം ഉണ്ടാകുമെന്ന് ഉറപ്പാക്കാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശ്രീ. എ. കെ. ആന്റണി പറഞ്ഞ വാക്കിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്. ഗവൺമെന്റിന് യാതൊരു മാറ്റവുമില്ല. അങ്ങ് നിയമം അറിയുന്ന ആളാണ്. പുഷ്പഗിരി കോളേജ് നമ്മൾ തീരുമാനിച്ചതിൽനിന്നും വ്യത്യസ്തമായി നേരത്തെ ഓർഡർ വാങ്ങിക്കൊണ്ടു വന്നു ..... (ബഹളം) .....പാർലമെന്റ് അംഗമായിരുന്ന ശ്രീ. ബാലേട്ടനടക്ക മുള്ളവർ ഇവിടെയുണ്ട്. 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യമെന്താണ്? സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് എഴുതിയിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ ഞാൻ ഇക്കാര്യം ശക്തമായിത്തന്നെ ഉന്നയിച്ചു. ശ്രീ. അർജ്ജുൻ സിംഗിനെ നേരിട്ട് കണ്ട് ഞാൻ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഇനി ചെയ്യേണ്ടത് നമ്മുടെ ലെവലിൽ അല്ല. നമ്മുടെ ലെവലിലുള്ള കാര്യം ഇനിയും ചെയ്യാൻ സന്തോഷമേയുള്ളു. നിങ്ങൾക്കും ഡൽഹിയിൽ ഒരുപാട് സ്വാധീനമുണ്ടല്ലോ. .....(ബഹളം)..... ശ്രീ. ബിനോയ് വിശ്വം 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ ഇച്ഛാശക്തി കാണിക്കണമെന്നും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിന്റെ കാര്യമില്ലായെന്നും പറഞ്ഞാൽ ഞാൻ എന്ത് ചെയ്യും? ബിൽ സഭയിൽ ചർച്ചചെയ്ത് പാസ്സാക്കിയതാണ്. അത് മാറ്റണമോ വേണ്ടയോയെന്ന് വേറെ ഫോറത്തിലാണ് ഡിസ്ക്കസ് ചെയ്യേണ്ടത്. ഈ ചോദ്യത്തിന്റെ മറുപടിയിൽ അത് പറയാൻ പറ്റില്ല. .....(ബഹളം).....ഗവൺമെന്റ് പാസ്സാക്കിയ നിയമം വളരെ ശാസ്ത്രീയമാണ്. ഒരു സ്വാശ്രയ കോളേജിൽ പകുതി സീറ്റ് മെറിറ്റ് എന്ന നിലയിൽ ഗവൺമെന്റ് ഫീസും പകുതി സീറ്റ് മാനേജ്മെന്റ് സീറ്റുമാണ്. ഈ നിയമത്തിൽ പറഞ്ഞ ഒരു മെത്തേഡ് ഉണ്ട്. ഇന്ന വിധത്തിൽ ഫീസ് സ്ട്രക്ച്ചറാക്കാം, ഇന്നയിന്ന വിധത്തിൽ കമ്പോണന്റ് വച്ചിട്ടുണ്ട്. അങ്ങനെ തീരുമാനിക്കുന്നതിനുള്ള ഒരു മെത്തഡോളജി ഈ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അത് വളരെ ശരിയായ സംഗതിയാണ്. അത് പ്രായോഗികമാണോ അല്ലയോ എന്നുള്ളതല്ല. അത് പ്രായോഗികമാക്കണം. പക്ഷേ കോടതി മറിച്ചൊരു വിധി പറഞ്ഞു. അതുകൊണ്ട് ഗവൺമെന്റിന് ഇപ്പോൾ ഒന്നും ചെയ്യാനില്ല. ഗവൺമെന്റിന് ചെയ്യാൻ പറ്റുന്ന ഒരു കാര്യം മാത്രമേയുള്ളു. അതിൽ ന്നെ കേന്ദ്ര ഗവൺമെന്റ് നിയമത്തിനുവേണ്ടി സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ്. കേരളത്തിന്റെ നിയമം അടക്കം സുപ്രീം കോടതിയിലുണ്ട്. സുപ്രീം കോടതി കേസിലെ ചർച്ചാവിഷയം കേരളം പാസാക്കിയ നിയമമാണ്. എന്തെങ്കിലും ഒരു തീരുമാനം കേന്ദ്ര ഗവൺമെന്റിൽനിന്ന് വരട്ടെ. അല്ലെങ്കിൽ സുപ്രീം കോടതിവിധി വരട്ടെ. അതനുസരിച്ച് പ്രശ്നം പരിഹരിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly